# 2.75 കോടിയുടെ കള്ളനോട്ട്: ആസൂത്രണം ഗൾഫിൽ; അച്ചടി പാകിസ്താനിൽ

## രണ്ട് ചാവക്കാട്ടുകാർ അറസ്റ്റിൽ

ഇ. സലാഹുദ്ദീൻ

**തൃശ്ശൂർ:** ഹൈദരാബാദിൽ രണ്ടേമുക്കാൽ കോടി രൂപയുടെ വ്യാജ ഇന്ത്യൻ കറൻസി കണ്ടെത്തിയ സംഭവത്തിൽ ആസൂത്രണം നടന്നത് ഗൾഫിലും അച്ചടി പാകിസ്താനിലുമാണെന്ന് സൂചന. ഇതുമായി ബന്ധപ്പെട്ട് ചാവക്കാട്, വടക്കേക്കാട് സ്വദേശികളായ രണ്ടുപേരെ ചാവക്കാട്ടുനിന്ന് ഹൈദരാബാദ് സിറ്റി പോലീസ് ക്രൈം വിഭാഗം കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ചാവക്കാട് പാലുവായ് സ്വദേശി പടുവിങ്ങൽ ഹംസ (42), വടക്കേക്കാട് കടിക്കാട് വീട്ടിലയിൽവീട്ടിൽ മുഹമ്മദാലി (40) എന്നിവരെയാണ് കസ്റ്റഡിയിലെടുത്തത്. ഹൈദരാബാദ് സിറ്റി സ്റ്റേഷനിലെ ക്രൈംവിഭാഗം ഇൻസ്പെക്ടർ റെഡ്ഡിയും സഹായിയും ചേർന്ന് ചാവക്കാട് സിഐ പി.എ. ശിവദാസന്റെ സഹായത്തോടെ ശനിയാഴ്ച രാത്രി ഒമ്പതോടെയായിരുന്നു ഇവരെ പിടിച്ചത്. അന്താരാഷ്ട്രതലത്തിൽത്തന്നെ ധാരാളം കണ്ണികളുള്ള വ്യാജ ഇന്ത്യൻ കറൻസി കടത്തുസംഘത്തിൽപ്പെട്ടവരാണിവരെന്ന് കരുതുന്നു.

കസ്റ്റഡിയിലായ മുഹമ്മദലിയും ഹൈദരാബാദിലേക്കുള്ള കണ്ടെയ്നർ കൊണ്ടുവന്ന മേൽവിലാസക്കാരനായ ഖാലിദും തമ്മിലുള്ള ഗൾഫിലെ ചങ്ങാത്തമാണ് കറൻസി കടത്തിന്റെ ആസൂത്രണത്തിന് സഹായമായത്.

15 വർഷമായി ഗൾഫിലുള്ള മുഹമ്മദലി തന്റെ ദൗത്യത്തിന് നാട്ടിലെ സുഹൃത്ത് ഹംസയെ പങ്കാളിയാക്കിയതിന്റെ പിന്നിൽ കസ്റ്റംസ് ക്ലിയറൻസ് രംഗത്തെ ഹംസയുടെ ബന്ധങ്ങളും ഔദ്യോഗിക സ്വാധീനവും ഉപയോഗിക്കാമെന്ന ലക്ഷ്യമാണെന്ന് കരുതുന്നു. ഇന്ത്യയിലെ വിവിധ കസ്റ്റംസ് ഓഫീസുകളിലെ ചില ഉദ്യോഗസ്ഥന്മാർക്ക് ഹംസയുമായി നല്ല ബന്ധമാണെന്ന് സൂചനകളുണ്ട്.

രണ്ടാഴ്ച മുമ്പാണ് കോടിക്കണക്കിന് രൂപയുടെ വ്യാജ ഇന്ത്യൻ കറൻസികൾ ഹൈദരാബാദിൽ വിതരണത്തിന് കൊണ്ടുവന്നത് കണ്ടെത്തിയത്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം അതീവജാഗ്രതയോടെയാണ് കേസിന്റെ അന്വേഷണം ആരംഭിച്ചത്. ഖാലിദിന്റെ സുഹൃത്തുക്കളായ ചിലരെയും നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. ഇവരിൽനിന്നാണ് ചാവക്കാട്ടുകാരായ രണ്ടുപേരെക്കുറിച്ച് സൂചന ലഭിച്ചത്. വലിയ ഇടവേളകളില്ലാതെ കേരളത്തിൽ എത്തുന്ന മുഹമ്മദലിയുടെ നീക്കം സൂക്ഷ്മമായി നിരീക്ഷിച്ചശേഷമാണ് ആന്ധ്രാ പോലീസിന്റെ ഭാഗത്തുനിന്ന് അറസ്റ്റുണ്ടായത്. ശനിയാഴ്ച ഉച്ചയോടെ തൃശ്ശൂരിലെത്തിയ ഹൈദരാബാദിൽനിന്നുള്ള പോലീസ് സംഘം തൃശ്ശൂർ ഡിവൈ. എസ്.പി.യോട് ഒരു ജീപ്പുമാത്രമേ ആവശ്യപ്പെട്ടിരുന്നുള്ളൂ. പ്രതികൾ രണ്ടുപേരും ചാവക്കാട്ടുതന്നെയുണ്ടെന്ന് മനസ്സിലാക്കിയതോടെ അറസ്റ്റ് വൈകുന്നേരത്തോടെ പൂർത്തിയാക്കി അവർ കൊച്ചിയിൽനിന്ന് രാത്രി 10 മണിയോടെ വിമാനത്തിൽ ഹൈദരാബാദിലേക്ക് പോയി.

കേരളത്തിലെ കുഴൽപ്പണവിതരണ ശൃംഖലയുമായി അറസ്റ്റിലായ ഹംസയ്ക്ക് അടുത്തബന്ധങ്ങളുണ്ടെന്ന് പോലീസ് വ്യക്തമാക്കുന്നു. നാലു കൊല്ലം മുമ്പാണ് ഇദ്ദേഹം ഗൾഫിൽനിന്ന് നാട്ടിലെത്തിയത്. കേന്ദ്രസർക്കാരിന്റെ ഒരു സഹായപദ്ധതി ലഭിക്കാൻ വ്യാജരേഖകളുണ്ടാക്കിയതിന്റെ പേരിൽ ഹംസയ്ക്കെതിരെ കേസും അന്വേഷണവും ഉണ്ടായപ്പോൾ ഉന്നതതലത്തിൽനിന്നുള്ള ഇടപെടലിനെത്തുടർന്ന് അത് മരവിപ്പിക്കുകയാണ് ഉണ്ടായതെന്നും പോലീസ് വ്യക്തമാക്കി.

മുഹമ്മദാലിയെയാണ് പോലീസ് ആദ്യം വീട്ടിൽനിന്ന് കസ്റ്റഡിയിലെടുത്തത്. പിന്നീട് മുഹമ്മദാലിയെക്കൊണ്ട് ടെലിഫോൺ ചെയ്യിച്ച് ഹംസയെ മുഹമ്മദാലിയുടെ വീട്ടിലേക്ക് പോലീസ് വരുത്തുകയായിരുന്നു.